# നമുക്കിനി ആരും വേണ്ടേ?

മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.എ (റഹ്)

പ്രസാധകർ
നസാറത് നശ്റോ ഇശാഅത്ത്
സദർ അഞ്ചുമൻ അഹ്മദിയ്യാ - ഖാദിയാൻ

# നമുക്കിനി ആരും വേണ്ടേ?

മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.ഏ (റഹ്)

**Namukkini Aarum Vende?**
**(Don’t We Need Anyone Any more?)**
Late Moulana Abdullah Sahib H.A.

Layout & Typeset: Sajiyya Mohammad

Published by : Nazarat Nashro Isha’at,
Sadr Anjuman Ahmadiyya, Qadian- 143516

Printed at :

Copies: 1000

2nd Edition : 2015

ISBN:

# നമുക്കിനി ആരും വേണ്ടേ?

വിശുദ്ധ ഖുർആൻെറ അവതരണാന്തരം തൽപ്രബോധകവരേണ്യ നായ വിശുദ്ധ നബിയുടെ ആവിർഭാവത്തിനുശേഷം ഒരു പ്രവാചകന്റെ ആവശ്യമേ ഇല്ല എന്നു ആധുനിക മുസ്ലിംകളിൽ പലരും പറഞ്ഞു വരുന്നു. ഇസ്ലാമിന്റെ അടിത്തറയായ വിശുദ്ധഖുർആൻ പരിപൂർണ വും സുരക്ഷിതവുമായ ഒരധ്യാത്മനിയമഗ്രന്ഥമായും ആ പവിത്ര മതത്തിന്റെ സംസ്ഥാപകമായ ശ്രേഷ്ഠ നബിയുടെ മാതൃകകൾ സംപൂ ർണങ്ങളായും നിലകൊള്ളുന്നതു കൊണ്ടു ഇനിയൊരു ധർമ്മോദ്ധാ രകന്റെ ആവശ്യകത ഇല്ലെന്നും അങ്ങനെയൊരാളെ അല്ലാഹു നിയോ ഗിച്ചയക്കേണ്ടതില്ലെന്നുമാണ് അവരിപ്പറയുന്നതിന്റെ സാധ്യം. ഇതി നെതിരിൽ, മുസ്ലിംകൾ ഭൗതികമായും ധാർമികമായും ആദ്ധ്യാത്മി കമായും അങ്ങേയറ്റം അധ:പതിച്ചുപോകുന്ന ഒരു കാലം വരുമെന്നും അന്ന് അവരെ അതിൽ നിന്നുദ്ധരിക്കുന്നതിനു 'ഈസബ്നുമർയം' അവതരിക്കുമെന്നുമുള്ള തിരുനബിയുടെ പ്രവചനം പ്രമാണിച്ച് അങ്ങ നെയൊരു കാലം വരുമെന്നും അന്ന് ഈസബ്നുമർയം ഇറങ്ങുമെന്നു മുള്ളത് അന്നുതൊട്ടിന്നോളം മുസ്ലിം ലോകത്തിന്റെ ഒരു പൊതു വിശ്വാസമാണ്. പ്രവചനപ്രകാരമുള്ള അധ:പതനം വരവണ്ണം പരിപൂർ ണ്ണമാംവിധം നിറവേറിയെന്നു മുസ്ലിംകൾ തന്നെ സമ്മതിക്കുന്നു. കണ്ണുള്ളവർക്കെല്ലാം കാണുവാൻ കഴിയുമാറ് അതത്ര പ്രത്യക്ഷവു മാണ്. എന്നിട്ടും അതിന്ന് പരിഹാരം കാൺമാൻ ഒരാളെ അല്ലാഹു നിയോഗിക്കേണ്ടതില്ലെന്നു പറയുന്നത് എത്ര വിസ്മയാവഹവും പരി താപകരവും ആയിരിക്കുന്നു!

അധ:പതനത്തിന്റെ അടിത്തട്ടുവരെ ആണ്ടുപോയിട്ടും അതിൽ നിന്നു തങ്ങളെ ഉദ്ധരിക്കുവാൻ ദൈവനിയുക്തനായൊരാളുടെ ആവശ്യമി ല്ലെന്നു മുസ്ലിംകൾ പറയുന്നത് എത്രയും നിർഭാഗ്യകരം തന്നെയാണ്. ഇവരിങ്ങനെ പറയുവാൻ മുതിർന്നത് അത്തരമൊരാളുടെ ആവശ്യകത ഇല്ലാത്തതുകൊണ്ടല്ല, പ്രവചനപ്രകാരം ഉദയം ചെയ്ത ഉദ്ധാരകൻ ഹദ്റത്ത് അഹ്മദ്(അ) ദൈവനിയുക്തനല്ലെന്നു വരുത്തുവാൻ മാത്ര

മാണ്. അതിനാലത്രെ ഈസബ്നുമർയം അഥവാ മസീഹ് വരുമെന്നു വിശ്വസിക്കുന്ന മുസ്ലിം ബഹുജനങ്ങൾ പോലും തങ്ങൾക്കിനി ആരുടെയും ആവശ്യമില്ലെന്നു ഘോഷിക്കുന്നവരുടെ ഈ വാദത്തെ മൗനാനുവർത്തികളായി നിന്നു വകവെച്ചുകൊടുക്കുവാൻ തുനിയുന്നതും. ദൈവത്തിൽനിന്നു ആവിർഭവിക്കുന്ന ഒരു സത്യപുരുഷനെ നിരാകരിക്കുന്നതിനു സ്വന്തവും സുസമ്മതവുമായ തത്ത്വങ്ങളെപ്പോലും ജനങ്ങൾ അടിയറ വെച്ചുകളയുന്നുവെന്നത് അദ്ഭുതാവഹമാണെങ്കിലും അതു ചരിത്രത്തെ സമാവർത്തിക്കുന്ന ഒരു പരമാർഥമത്രെ.

മസീഹ് അവതരിക്കുമെന്നു മുസ്ലിം ലോകത്തിനൊപ്പം താനും വിശ്വസിച്ചിരുന്നിട്ടും മസീഹായവതരിച്ച ഹദ്റത്ത് അഹ്മദ്(അ) അസത്യവാനാണെന്നു വരുത്തണമെന്നു തനിക്കു തോന്നിയപ്പോൾ മൗലാനാ അബുൽ കലാം ആസാദ് എന്തു പറഞ്ഞു? പഴയതോ പുതിയതോ ആയി ഒരു മസീഹും വരാനില്ല, വരേണ്ടതുമില്ല, എന്ന് അതിനെപ്പറ്റി ചിലർ ചോദ്യം ചെയ്തപ്പോൾ അദ്ദേഹം പറഞ്ഞു, മസീഹ് വരുമെന്നു നബിതിരുമേനി പ്രവചിച്ചതു ശരിതന്നെയാണെങ്കിലും, ആ മസീഹ് നബിയായിരിക്കുകയില്ല, അദ്ദേഹത്തിൽ വിശ്വസിക്കേണ്ടതു ആവശ്യവുമല്ല, എന്ന്. പ്രസിദ്ധ കവിയും തത്ത്വചിന്തകനുമായ സർ മുഹമ്മദ് ഇഖ്ബാൽ എന്തു പറഞ്ഞു? മസീഹ് വരുമെന്നതു മജൂസികളിൽ നിന്നു പകർന്ന ഒരു വിശ്വാസവും, അതു മുസ്ലിംകളെ അധഃപതിപ്പിക്കുന്നതിനു പര്യാപ്തവും ആണെന്ന്. ഇങ്ങനെ തിരുനബിയുടെ തിരുവരുളിനെ ത്യാജ്യകോടിയിൽ തള്ളി, മുസ്ലിം ലോകം ഇതഃപര്യന്തം ഏകകണ്ഠമായി ഉദ്ഘോഷിച്ച ഒരുത്കൃഷ്ടാദർശത്തെ തൃണവൽക്കരിച്ചു. ഈ പണ്ഡിതൻമാർ ഇങ്ങനെ പറയുവാൻ ധൈര്യം പൂണ്ടതും മുസ്ലിംകൾ അതിൽ സന്തോഷം കൊണ്ടതും ഹദ്റത്ത് അഹ്മദ്(അ) അസത്യവാനാണെന്നു വരുത്തുവാനല്ലെങ്കിൽ പിന്നെയെന്തിന്? സുപ്രസിദ്ധ പണ്ഡിതനായ മിസ്റിലെ ശൈഖ് റശീദ് റിസാ പറഞ്ഞു, മസീഹ് വരുമെന്ന പ്രവചനത്തിൽ വിശ്വസിച്ചേ തീരൂ എന്നില്ല, വിശ്വസിക്കയാണെങ്കിൽ തന്നെ അതിന്റെ താത്പര്യം അങ്ങനെയൊരാൾ വരുമെന്നല്ല, ഇസ്ലാം വിജയിക്കുകയും യേശു ദൈവമല്ലെന്നു ക്രിസ്ത്യാനികൾ മനസ്സിലാക്കുകയും ചെയ്യുന്ന ഒരു സ്ഥിതി ഉണ്ടായിത്തീരുമെന്നു മാത്രമാണ്, എന്ന്. ഈ പ്രസ്താവന പ്രസ്തുത പ്രവചനത്തിനു തികച്ചും വിപരീതവും യുക്തിവിരുദ്ധവും കൂടി ആയിട്ടും മുസ്ലിംകൾ അതിലും സന്തോഷമാണ് പ്രകടിപ്പിച്ചത്. കാരണം, അതു ഹദ്റത്ത് അഹ്മദ്(അ) അസത്യവാനാണെന്നു വരുത്തുവാനുള്ള ഒരു പ്രസ്താവനയായിരുന്നു.

ഇങ്ങനെ പലരും പലതും പറയുവാൻ തുടങ്ങിയതും മുസ്‌ലിം ലോകം അതിനു മൗനാനുവാദം നൽകി അതിൽ അനുമോദിക്കാൻ ആരംഭിച്ചതുമെല്ലാം ഹദ്റത്ത് അഹ്മദിന്റെ ആവിർഭാവത്തിനു ശേഷമാണെന്നതു ശ്രദ്ധേയമാണ്. ചിലർ പറയുന്നത്, ദൈവനിയുക്തനായി ഇനിയാരും വരേണ്ടതില്ലാത്തതിനാൽ മസീഹേ വരികയില്ലെന്നാണ്. മസീഹ് വരുന്നെങ്കിൽ തന്നെ അദ്ദേഹം നബി ആയിരിക്കയില്ലെന്നും അദ്ദേഹത്തിൽ വിശ്വസിക്കേണ്ട ആവശ്യം തന്നെ ഇല്ലെന്നുമാണ് മറ്റു ചിലർ പറയുന്നത്. മസീഹ് വരുന്നത് നബിയായിട്ടുതന്നെയാണെങ്കിലും അതു മുസ്‌ലിംകൾക്കായിട്ടല്ല, ക്രിസ്ത്യാനികൾക്കായിട്ടാണെന്നും അദ്ദേഹത്തെക്കൊണ്ട് മുസ്‌ലിംകൾക്കല്ല, മുസ്‌ലിംകളെക്കൊണ്ട് അദ്ദേഹത്തിനാണാവശ്യം എന്നും ഒരു മൗലവി സാഹിബ് എഴുതിയിരിക്കുന്നതായിട്ടു ഞാൻ ഓർക്കുന്നു. ഇങ്ങനെ എന്തെല്ലാം ഓരോ വ്യക്തികൾ എഴുതുകയും പറയുകയും ചെയ്തിട്ടും, അതെല്ലാം പൊതുവിശ്വാസത്തിനു വിപരീതമായിട്ടും, മുസ്‌ലിം ബഹുജനവും അവരുടെ വിദ്വൽ വൃന്ദവും അതുകളിൽ അനുമോദിക്കുകയേ ചെയ്യുന്നുള്ളൂ. കാരണം, അതെല്ലാം ഹദ്റത്ത് അഹ്മദ്(അ) കള്ളവാദിയാണെന്നു വരുത്തുവാൻ പര്യാപ്തമായവയാണെന്ന് അവർ കരുതുന്നു.

ഇവരുടെ ഈ പ്രസ്താവനകൾ അയുക്തികവും അനിസ്‌ലാമികവുമാണെന്നതു നിഷ്പക്ഷമായി ചിന്തിക്കുന്ന ആർക്കും നിഷ്പ്രയാസം മനസ്സിലാക്കാം. ഈസബ്നുമർയം മുസ്‌ലിംകളിൽ ഇറങ്ങുമെന്നും അദ്ദേഹം അവർക്കു ഇമാമും വിധികർത്താവും ആയിരിക്കുമെന്നും തിരുനബി(സ) ദൈവനാമത്തിൽ സത്യം ചെയ്തു തിരുവരുൾ ചെയ്തിരിക്കുന്നു. അദ്ദേഹം നബിയായിട്ടു തന്നെയാണ് വരികയെന്നും തിരുമേനി അരുളിയിരിക്കുന്നു. ഈ പ്രവചനം എല്ലാ ഹദീസ് ഗ്രന്ഥങ്ങളും രേഖപ്പെടുത്തിയതും മുസ്‌ലിംകളിലെ സകല അവാന്തരകക്ഷികളും അഭിപ്രായഭേദംവിനാ അന്നുതൊട്ടിന്നോളം അതിൽ വിശ്വാസമുറപ്പിച്ച് അതിന്റെ പൂർത്തീകരണത്തെ ആകാംക്ഷയോടെ പ്രതീക്ഷിച്ചു പോന്നതുമായ ഒന്നാണ്. എന്നിരിക്കെ, ഈസബ്നുമർയം ഇറങ്ങുമെന്ന ഈ വിശ്വാസം മജൂസികളോടു കടം വാങ്ങിയതാണെന്നും അങ്ങനെയൊരാൾ ദൈവത്തിങ്കൽ നിന്നു വരുന്നെങ്കിൽതന്നെ അദ്ദേഹത്തെ സ്വീകരിക്കേണ്ട ആവശ്യം മുസ്‌ലിംകൾക്കില്ലെന്നും മറ്റും പറയുന്നതു എന്തൊരു ധാർഷ്ട്യമാണ്! പരിശുദ്ധനബിയുടെ നേരെ ആത്മാർഥമായ ആദരവും ആ പാവനാത്മാവിന്റ ഉപദേശങ്ങളിൽ അടിയുറച്ച വിശ്വാസവുമുള്ളവരാണെന്നു സ്വയം വാദിക്കുന്നവർ തന്നെ ഇങ്ങനെ പറയുവാൻ ഇതാ ധൃഷ്ടരായി. എന്തിന് അഹ്മദിയ്യത്ത് അസത്യമാണെന്നു വരുത്തുവാൻ.

അപ്പോൾ, തിരുനബിയോടുള്ള ഭക്ത്യാദരങ്ങളിലും ഉപരിയായി ഇവരുടെ ഹൃദയങ്ങളിൽ കുടിക്കൊണ്ടിരിക്കുന്നത് ഹദ്റത്ത് അഹ്മദിനോടുള്ള വിദ്വേഷമാണെന്നു വന്നു. അല്ലെങ്കിൽ പിന്നെ, തിരുനബി(സ) ആണയിട്ടു ചെയ്ത ഈ പ്രവചനപ്രകാരമുള്ള വിശ്വാസം അഗ്ന്യാരാധകരായ മജൂസികളുടെ വിശ്വാസത്തിനു തുല്യമാണെന്നു പറയുവാൻ ഒരു മുസ്ലിം ധൈര്യപ്പെടുന്നതെങ്ങനെ? വരുന്ന ഈസബ്നുമർയം നബി ആയിരിക്കുമെന്നും അദ്ദേഹം മുസ്ലിംകൾക്ക് ഇമാമും വിധികർത്താവുമായിട്ടാണ് വരികയെന്നും തിരുനബി(സ) വ്യക്തമായ ഭാഷയിൽ അരുളിയിരിക്കുമ്പോൾ, ആ വരുന്നയാൾ നബി അല്ലെന്നും അദ്ദേഹത്തെ സ്വീകരിക്കേണ്ട ആവശ്യം മുസ്ലിംകൾക്കില്ലെന്നും അദ്ദേഹം വരുന്നതു മുസ്ലിംകൾക്കായിട്ടല്ലെന്നും മറ്റും മുസ്ലിംകളെന്നവകാശപ്പെടുന്നവർ തന്നെ പറയുവാൻ മുതിരുന്നതും എങ്ങനെ?

നബി ആയ ഒരാളുടെ നുബുവ്വത്ത് പദം അദ്ദേഹത്തിനു ഒരിക്കലും നഷ്ടപ്പെടാവതല്ല. പരേതരായ പ്രവാചകന്മാരെ കൂടി, നബി, റസൂൽ എന്നീ ബഹുമാനനാമങ്ങളിലാണ് വിശുദ്ധഖുർആൻ അനുസ്മരിച്ചിരിക്കുന്നത്. എന്നാൽ, വീണ്ടും ലോകത്തുചെന്നു ലോകരെ സമുദ്ധരിക്കേണ്ട ഒരു നബിക്കു ആ നുബുവ്വത്ത് പദവി തന്നെ നഷ്ടമായിട്ടാണ് പോലും അദ്ദേഹം ഇനി വരിക! അദ്ദേഹം ചെയ്തുപോയ വല്ല കുറ്റത്തിനുമുള്ള ശിക്ഷയായിട്ടാണോ ഈ സ്ഥാനഭ്രഷ്ട് അദ്ദേഹത്തിനു ദൈവം കൽപിക്കുക? അല്ലെങ്കിൽ, എത്രയോ നൂറ്റാണ്ടുകൾ ആ സമുന്നതസ്ഥാനം അലങ്കരിച്ചിരുന്ന ആ മഹാത്മാവ് ലോകോദ്ധാരണാർഥം ലോകത്ത് വീണ്ടും വരുമ്പോൾ അദ്ദേഹത്തിന് അത് നഷ്ടമാകുന്നതെന്തിന്? മനുഷ്യരിൽ ഒരു വിഭാഗത്തെ ഉദ്ധരിക്കുന്നതിനാണല്ലോ ദൈവം അദ്ദേഹത്തിനു ആ മഹാസ്ഥാനം ആദ്യം നൽകിയത്. ഇനിയും അതേ ഉദ്യോഗനിർവഹണാർഥം, അല്ല, അതിലും ഉപരിയായ ഒരുദ്യോഗം നിർവഹിക്കുവാൻ, മനുഷ്യരാശിയെ ആകമാനം സമുദ്ധരിക്കുവാൻ, അദ്ദേഹം നിയുക്തനാവുന്നതോടെ തനിക്കു പണ്ടുള്ള പദവി കൂടി നഷ്ടമാവുകയാണ് പോലും ചെയ്യുക! എങ്കിലും, ആ ഘട്ടത്തിലും വിശുദ്ധഖുർആൻ തുറന്നുനോക്കുന്നവർക്ക് അദ്ദേഹം നബിയും റസൂലും ആയിട്ടു കാണപ്പെടുക തന്നെ ചെയ്യും. അത്രയുമല്ല, അദ്ദേഹം എവിടെ ആയിരുന്നാലും നബി തന്നെ ആയിരിക്കുമെന്നു ആ വിശുദ്ധ ഗ്രന്ഥം പ്രഖ്യാപിക്കുന്നതും കാണാം. ഇങ്ങനെ തിരുഖുർആനും തിരുനബിയും നബിയാണെന്നു പറയുന്ന ബനീഇസ്രായീലിൽ ആവിർഭവിച്ച മൂസവീമസീഹ് നബി ആയിരിക്കയില്ലെന്ന് ഇവരെന്തിനു വേണ്ടി പറയുന്നു? മുസ്ലിംകളിൽ അവതരിച്ച മുഹമ്മദീമസീഹ് സത്യ

വാനല്ലെന്നു വരുത്തുവാൻ. അങ്ങനെ ഒരു സത്യാത്മാവിനെ തള്ളിപ്പറയുന്നതിനു മറ്റൊരു സത്യനബി നബിയല്ലെന്ന് ഇവർക്കു പറയേണ്ടി വന്നു. ഈസബ്നുമർയം വരുന്നത് മുസ്‌ലിംകൾക്ക് വേണ്ടിയല്ലെന്നു വരുന്ന പക്ഷം അദ്ദേഹം അവതരിക്കുന്നതു മുസ്‌ലിംകളിലാണെന്നും അവർക്ക് അദ്ദേഹം ഇമാമും വിധികർത്താവും ആയിരിക്കുമെന്നും തിരുനബി(സ) അരുളിയതു അർഥരഹിതമായിത്തീരുകയില്ലേ? എന്നിട്ടും ഇവരതു പറയുന്നു മറ്റുള്ളവരതിൽ ആഹ്ലാദം കൊള്ളുന്നു.

ഈസബ്നുമർയം ഇറങ്ങുമെന്നു തിരുനബി(സ) അരുളിയതു മുസ്‌ലിംകളിൽ എങ്ങനെയോ ഉണ്ടായിത്തീരുന്ന ഒരുദ്ബുദ്ധതയുടെ ഫലമായി ഇസ്‌ലാമിനുണ്ടാകുന്ന ഒരു വിജയത്തെ ഉദ്ദേശിച്ചാണെന്നു ചിലർ പറയുന്നതും ചിന്താതീതം തന്നെയാണ്. തിരുഖുർആനും തിരുനബിയുടെ മാതൃകകളും ഇവ രണ്ടിന്റെയും പ്രസാധകരായി എണ്ണമറ്റ പണ്ഡിതശിരോമണികളും ഉണ്ടായിരുന്നിട്ടും മുസ്‌ലിംകൾ ഇങ്ങനെ ഭയാനകവും ദയനീയവുമായ നിലയിൽ അധ:പതിച്ച സ്ഥിതിക്ക് ഇനി അവരിൽ തനിയേ ഒരുദ്ബുദ്ധത ഉണ്ടായിവരികയും തതഫലമായി ഇസ്‌ലാമിന് ഒരു വിജയം കരസ്ഥമാവുകയും ക്രൈസ്തവർക്കു തങ്ങളുടെ അന്ധമായ വിശ്വാസം ബോധ്യമാവുകയും ചെയ്യുന്നതെങ്ങനെയോ ആവോ? അല്ലാമാ റശീദ് രിസായെപ്പോലുള്ള ഒരു പണ്ഡിതനു പറയുവാൻ പറ്റിയതാണോ ഇത്? അദ്ദേഹം പറയുന്ന ഈ അദ്ഭുതപരിവർത്തനം മുസ്‌ലിംകളിൽ താനേ ഉണ്ടാവുമോ? ലോകത്തുണ്ടായിട്ടുള്ള പരിവർത്തനമെല്ലാം ചില പ്രത്യേക വ്യക്തികളുടെ പ്രവർത്തനഫലമാണെന്നറിയാത്ത ഒരാളല്ല ശൈഖ് റശീദ് രിസാ. പ്രത്യേകിച്ചും ആദ്ധ്യാത്മീകമായി അധ:പതിച്ച സമുദായങ്ങൾ സമുദ്ധരിക്കപ്പെട്ടതു എല്ലായ്പ്പോഴും ദൈവനിയുക്തരായ ദിവ്യത്മാക്കളുടെ പ്രവർത്തന ഫലമായിട്ടു തന്നെയാണ്. ആ സ്ഥിതിക്കും, തിരുഖുർആന്റെയും തിരുനബിയുടെ മാതൃകകളുടേയും കൺമുമ്പാകെ, എണ്ണിയാലൊടുങ്ങാത്ത ഈ മതപണ്ഡിതന്മാരുടെ നടുവിൽ വെച്ച്, ഇത്രയും ആപത്കരമായ ഒരധ:പതന കടൽച്ചുഴിയിൽപ്പെട്ട് ആഴത്തിൽ ആണ്ടുപോയ ഒരു സമുദായം ഇനി താനെ ഊർദ്ധഭാഗത്തേക്കുയർന്നു വരുമെന്നു വിചാരിക്കുന്നതു വെറും വ്യാമോഹമല്ലേ? അധ:പതിച്ച സമുദായത്തെ ഇത:പര്യന്തം അല്ലാഹു സമുദ്ധരിച്ചത് അവന്റെ പുരാതനവും സനാതനവുമായ ആ നിയതിനിയമമനുസരിച്ച് ഒരു വത്സലഭക്തനെ നിയോഗിച്ചയച്ചിട്ടു തന്നെയായിരുന്നു. ഇസ്‌ലാം ഉദ്ധരിക്കപ്പെടുന്നതും ആ നിയമമനുസരിച്ചുതന്നെ ആയിരിക്കും. അല്ലാതെ ആ പരിവർത്തനം തനിയെ സംഭവിക്കുകയില്ല, നിർണയം.

പണ്ഡിതനായ റശീദ് രിസായുടെ വ്യാഖ്യാനം ശരിയാണെങ്കിൽ, നബിതിരുമേനിയുടെ അവതാരത്തെ കുറിച്ചു തൗറാത്തിലും ഇഞ്ചീലിലും പ്രവചിക്കപ്പെട്ടിട്ടുള്ളതിനു യഹൂദികളും നസാറാക്കളും കൊടുക്കുന്ന ആ വ്യാഖ്യാനങ്ങളും ശരിയാണെന്നു പറയേണ്ടിവരും. ദൈവം പാറാൻ പർവ്വതത്തിൽനിന്ന് വിളങ്ങി എന്ന് തൗറാത്തിലും, സത്യത്തിന്റെ ആത്മാവ് വരും എന്ന് ഇഞ്ചീലിലും, തിരുനബിയെ പറ്റി പ്രവചിക്കപ്പെട്ടിരിക്കുന്നത് അങ്ങനെയൊരാൾ വരുന്നതിനെക്കുറിച്ചല്ല, ശൈഖ് റശീദ് രിസായും കൂട്ടരും വ്യാഖ്യാനിക്കുന്നതുപോലെ, ഒരു ദൈവ ചൈതന്യം തനിയെ ഉളവായ് വരുന്നതിനെക്കുറിച്ചാണെന്നാണ് യഹൂദികളും നസാറാക്കളും പറയാറ്. തിരുനബി(സ) അവതീർണ്ണനാകുന്നതു വരെ അത്തരം ഒരു മഹാത്മാവിന്റെ അവതരണത്തെയാണവർ പ്രതീക്ഷിച്ചിരുന്നത്. എന്നാൽ ആ മഹാപുരുഷന്റെ അവതാരം അവരുടെ പ്രതീക്ഷകൾക്കും പ്രത്യാശകൾക്കും അനുസരിച്ചാകാത്തതിനാൽ അദ്ദേഹത്തെ അവർ നിഷേധിക്കുകയും തങ്ങൾക്കാരുമാവശ്യമില്ലെന്നു പറയുകയും തങ്ങളുടെ വേദഗ്രന്ഥങ്ങളിൽ പറയപ്പെട്ട പ്രവചനങ്ങൾക്ക് പുതുവ്യാഖ്യാനം കൊടുക്കുകയും ചെയ്തു. അതുപോലെ തന്നെയാണ് അല്ലാമാ റശീദ് രിസായും പക്ഷവും ഇപ്പോൾ നബി തിരുമേനിയുടെ പ്രവചനത്തെ വ്യാഖ്യാനിക്കുന്നതും. തന്റെ ഉമ്മത്ത് യഹൂദിനസാറാക്കളെ അനുപദം അനുകരിക്കുമെന്ന് ആ പ്രവാചക ശിരോരത്നം ശക്തിപുരസ്സരം ആവർത്തിച്ചാവർത്തിച്ചു ദീർഘദർശനം ചെയ്തത് പുലരുവാൻ ഇങ്ങനെ ചിലർ പറയേണ്ടതുമുണ്ടായിരിക്കാം.

വിശുദ്ധഖുർആൻ പരിപൂർണമായ നിയമഗ്രന്ഥവും വിശുദ്ധനബി (സ) പരിപൂർണമായ ഒരു മാതൃകയും ആയിരിക്കയാലാണല്ലോ, ഇനി ദൈവ നിയുക്തനായൊരു ധർമ്മോദ്ധാരകന്റെ ആവശ്യമില്ലെന്ന് ഇവർ പറയുന്നത്. ദൈവനിയുക്തനായി ഇനിയൊരാൾ വരുന്നത് വിശുദ്ധ ഖുർആന്റെ പരിപൂർണതക്കും തിരുനബിയുടെ സ്ഥാനമാഹാത്മ്യത്തിനും ഹാനികരമാകുന്നുണ്ടെങ്കിൽ തീർച്ചയായും ഇവരിപ്പറയുന്നത് ന്യായമാണ്. ഹാനികരമാകുന്നില്ലെങ്കിലോ പരിപൂർണ നിയമഗ്രന്ഥമായ വിശുദ്ധ ഖുർആനും പരിപൂർണ മാതൃകയായ തിരുനബിയും ഉണ്ടായിരിക്കെ, ദൈവനിയുക്തനായി ഇനിയാരും വരേണ്ടതില്ലെന്നു പറയുന്നതിൽ അർഥമില്ല. എന്നാൽ ഇനിയൊരാൾ വരുന്നതുകൊണ്ട് വിശുദ്ധഖുർആന്റെ പരിപൂർണതയ്ക്കോ തിരുനബിയുടെ മഹനീയതക്കോ ഭംഗം നേരിടാനില്ലെന്നാണ് വിശുദ്ധഖുർആനും യുക്തിയും മനസ്സിലാക്കിത്തരുന്നത്. മൂസാനബി(അ) ഇസ്രായീല്യർക്ക് പരിപൂർണ മാതൃകയും തൗറാത്ത് അവർക്ക് പരിപൂർണ നിയമശാസ്ത്രവും ആയിരുന്നുവെ

ന്നാണ് ഖുർആൻ പ്രഖ്യാപിക്കുന്നത്. അതോടൊപ്പം ആ നബിയുടെ ന്യായപ്രമാണത്തെ പ്രബോധിക്കാനും പ്രചരിപ്പിക്കാനും അദ്ദേഹത്തിനുശേഷം പ്രവാചകന്മാർ നിയുകതരായെന്നും അത് പഠിപ്പിക്കുന്നു. നോക്കുക, ആ പവിത്രഗ്രന്ഥം പറയുകയാണ്.

ثُمَّ اٰتَيْنَا مُوْسَى الْكِتٰبَ تَمَامًا عَلَى الَّذِيْٓ اَحْسَنَ وَتَفْصِيْلًا لِّكُلِّ شَيْءٍ

وَّهُدًى وَّرَحْمَةً (6:155)

“പിന്നെ സൽക്കർമനിരതർക്കു പരിപൂർണവും സർവകാര്യങ്ങളും വിവരിക്കുന്നതും മാർഗദർശനവും കാരുണ്യവുമായ ഗ്രന്ഥത്തെ നാം മൂസായ്ക്ക് നൽകി”

പിന്നെയതു പറയുന്നു:

وَلَقَدْ اٰتَيْنَا مُوْسَى الْكِتٰبَ وَقَفَّيْنَا مِنْۢ بَعْدِهٖ بِالرُّسُلِ (2:88)

“നിശ്ചയമായും നാം മൂസായ്ക്ക് ഗ്രന്ഥം നൽകുകയും അദ്ദേഹത്തിനു ശേഷം റസൂൽമാരെ ഒന്നിനുപിറകെ ഒന്നായി അയക്കുകയും ചെയ്തു” പിന്നെയും അതു പറയുന്നു:

اِنَّآ اَنْزَلْنَا التَّوْرٰىةَ فِيْهَا هُدًى وَّنُوْرٌ ۚ يَحْكُمُ بِهَا النَّبِيُّوْنَ (5:45)

“നിശ്ചയമായും നാമാണ് മാർഗ്ഗദർശനവും പ്രകാശവുമടങ്ങിയ തൗറാത്തിനെ ഇറക്കിയത്; പ്രവാചകന്മാർ അതു മുഖേന വിധി കൽപിക്കുകയായിരുന്നു”. ഈ വിശുദ്ധ വാക്യങ്ങൾ വെളിവാകുന്നത് മൂസാ നബിയുടെ ഗ്രന്ഥം ഇസ്രായീല്യർക്ക് പരിപൂർണ മാർഗദർശനവും അദ്ദേഹമവർക്കു പരിപൂർണമാതൃകയും ആയിരുന്നിട്ടും ആ ഗ്രന്ഥത്തിനും അദ്ദേഹത്തിനും ശേഷം ആ ഗ്രന്ഥത്തിന്റെ അധ്യാപനത്തിലേക്കും ആ നബിയുടെ മാതൃകയിലേയ്ക്കും ഇസ്രായീല്യരെ ക്ഷണിക്കുവാൻ പ്രവാചകന്മാർ വന്നിരുന്നുവെന്നാണ്. ഈ പ്രവാചകന്മാരുടെ വരവുനിമിത്തം തൗറാത്തിന്റെ പരിപൂർണ്ണതയ്ക്കും മൂസാനബിയുടെ മാതൃകക്കും ഹാനി തട്ടുന്നതിനുപകരം ശോഭ കൂടുകയാണുണ്ടായതെന്നും ഈ ദിവ്യവചനങ്ങൾ ദ്യോതിപ്പിക്കുന്നു. വിശുദ്ധഖുർആൻ പല സ്ഥലത്തും അതിനെ തൗറാത്തിനോടും നബിതിരുമേനിയെ മൂസാനബിയോടും ഉപമിച്ചു പറയുകയും തൗറാത്തിനു ശേഷം ഇറങ്ങിയ ദൈവഗ്രന്ഥം ഖുർആൻ ആണെന്നും ഖുർആനു മുമ്പിറങ്ങിയ ദൈവഗ്രന്ഥം തൗറാത്താണെന്നും പ്രസ്താവിക്കുകയും ചെയ്തിരിക്കുന്നു.

തൗറാത്ത് പരിപൂർണഗ്രന്ഥമണെന്ന് പറഞ്ഞതിനെ തുടർന്ന് അടുത്ത ആയത്തിൽ വിശുദ്ധഖുർആനെപ്പറ്റി അത് ഇങ്ങനെ പറയുന്നു:

“പിന്നെ നാം ഇറക്കിയതാണ് ഈ അനുഗ്രഹീതമായ ഗ്രന്ഥം”. മറ്റൊരിടത്ത്, തിരുനബിയെ സംബന്ധിച്ച് പറഞ്ഞതിനെ തുടർന്ന് ആ പവിത്രഗ്രന്ഥം പറയുകയാണ്:

وَمِنْ قَبْلِهٖ كِتٰبُ مُوْسٰٓى اِمَامًا وَّرَحْمَةً ۭ وَهٰذَا كِتٰبٌ

“അദ്ദേഹത്തിനു മുമ്പ് മൂസായുടെ ഗ്രന്ഥം ഇമാമും റഹ്മത്തുമാണ്; ഈ ഗ്രന്ഥമാകട്ടെ വ്യക്തമായ ഭാഷയിൽ സാക്ഷാൽക്കരിക്കുന്നതു മത്രെ” (46:13). പിന്നൊരിടത്ത് വിശുദ്ധഖുർആനെപ്പറ്റി

كِتٰبًا اُنْزِلَ مِنْۢ بَعْدِ مُوْسٰى

“മൂസായ്ക്കു ശേഷം ഇറക്കപ്പെട്ട ഗ്രന്ഥം” എന്നും പറയപ്പെട്ടിരിക്കുന്നു(46:31). ഇതേപ്രകാരം തന്നെ മൂസാനബി(അ) തന്നെപ്പോലെ ഒരു പ്രവാചകൻ ബനീഇസ്രായീലിൽ വരുമെന്ന് തൗറാത്തിൽ പ്രവചിച്ചതിനെ സൂചിപ്പിച്ചു.

وَشَهِدَ شَاهِدٌ مِّنْۢ بَنِيْٓ اِسْرَاۗءِيْلَ عَلٰي مِثْلِهٖ

“തന്നെപ്പോലെയൊരാളെക്കുറിച്ച് ബനീഇസ്രായീലിലെ ഒരു സാക്ഷി സാക്ഷ്യം വഹിച്ചു” എന്നും ഖുർആൻ പറയുന്നു(46:11).

മറ്റൊരു സ്ഥലത്ത് اِنَّآ اَرْسَلْنَآ اِلَيْكُمْ رَسُوْلًا ڏ شَاهِدًا عَلَيْكُمْ

كَمَآ اَرْسَلْنَآ اِلٰى فِرْعَوْنَ رَسُوْلًا ۝١٦

“ഫിർഔന്റെ അടുക്കലേക്കു നാമൊരു പ്രവാചകനെ അയച്ച പോലെ നിങ്ങൾക്കു സാക്ഷിയായി നിങ്ങളുടെ അടുക്കലേക്കു നാമൊരു പ്രവാചകനെ അയച്ചു’ എന്നും ആ പവിത്രഗ്രന്ഥം പറയുന്നു(73:16). ഇങ്ങനെ ഒരു ഭാഗത്ത് തൗറാത്തിനെയും ഖുർആനെയും മൂസാനബിയെയും നബിതിരുമേനിയെയും സദൃശ്യപ്പെടുത്തിയും ഖുർആനു മുമ്പിറങ്ങിയ ഗ്രന്ഥം തൗറാത്താണെന്നും തൗറാത്തിനു ശേഷമിറങ്ങിയ ഗ്രന്ഥം ഖുർആനാണെന്നും പറയുകയും മറുഭാഗത്തു, തൗറാത്ത് ഇസ്രായീല്യർക്കു പരിപൂർണ മാർഗദർശനവും മൂസാനബി(അ) അവർക്കു പരിപൂർണ മാതൃകയും ആയിരുന്നിട്ടും ആ മാർഗദർശനത്തിലേക്കും മാതൃകയിലേയ്ക്കും അവരെ ക്ഷണിക്കുവാൻ പ്രവാചകന്മാർ വന്നിരുന്നുവെന്നും ആ വരവ് തൗറാത്തിന്റെ പരിപൂർണതക്കോ മൂസാനബിയുടെ മഹനീയതക്കോ ഹാനികരമായിരുന്നില്ലെന്നുമാണ് വിശുദ്ധഖുർആൻ നമുക്കു മനസ്സിലാക്കിത്തരുന്നത്. ഖുർആന്റെ ഈ പാഠത്തിൽ നിന്നും മനസ്സിലാ

കുന്നതു തിരുനബിക്കുശേഷം ഖുർആന്റെ മാർഗദർശനത്തിലേക്കും തിരുനബിയുടെ മാതൃകയിലേക്കും ലോകരെ ക്ഷണിക്കുവാൻ ഒരാളെ ദൈവം നിയോഗിക്കുന്നതു കൊണ്ട് ഖുർആന്റെ പരിപൂർണതക്കോ തിരുനബിയുടെ മഹനീയതക്കോ കളങ്കമേർപ്പെടാനില്ലെന്നാണ്.

ഇനി യുക്തിപരമായി നോക്കുന്നതായാലും മുകളിൽ പറഞ്ഞ സംഗതി തന്നെയാണ് വെളിപ്പെടുക. വിശുദ്ധഖുർആനിലെ ചെറിയൊരു കൽപനയെങ്കിലും ദുർബലമാക്കുകയോ അതിനോടു വല്ല തും കൂട്ടിച്ചേർക്കുകയോ ചെയ്യുന്ന ഒരാൾ വരികയാണെങ്കിൽ മാത്രമേ ഖുർആന്റെ പരിപൂർണതക്കു കളങ്കമേൽക്കുകയുള്ളു. മറിച്ച്, ഖുർആനിലെ വള്ളിക്കോ പുള്ളിക്കോ ഒരു ഭേദം വരുത്താവതല്ലെന്നു പഠിപ്പിക്കുകയും താൻ ദൈവനിയുക്തനായതു തന്നെ ആ പരിപൂർണ ഗ്രന്ഥത്തെ പരിപൂർണമായനുസരിച്ചതിന്റെ ഫലമാണെന്നു വാദിക്കുകയും ചെയ്യുന്ന ഒരാളുടെ വരവുകൊണ്ട് ഖുർആന്റെ പരിപൂർണതക്കു ഭംഗമല്ല ഭംഗിയാണ് വന്നുകൂടുക.

അതേപ്രകാരംതന്നെ, ആ വരുന്നയാൾ നബിതിരുമേനിയുടെ ഏതെങ്കിലുമൊരു മാതൃകയെ അവഗണിക്കുന്നതിനു പകരം തിരുമേനിയെ വരവണ്ണം അനുസരിക്കുകയും അനുകരിക്കുകയും ചെയ്യേണ്ടത് ഓരോ മനുഷ്യനും ഒഴിച്ചുകൂടാത്തതാണെന്നും അങ്ങനെ ആ പുണ്യപുരുഷനെ അങ്ങേയറ്റംവരെ അനുചരിച്ച ഏക കാരണത്താലാണ് തനിക്കീ സ്ഥാനം അല്ലാഹു തന്നതെന്നുമാണ് വാദിക്കുന്നതെങ്കിൽ അദ്ദേഹത്തിന്റെ വരവുകൊണ്ടു തിരുനബിയുടെ സ്ഥാനത്തിനു കളങ്കമല്ല തിളക്കമാണുണ്ടാവുക.

ഈ വസ്തുതക്കു അഹ്മദികൾ തന്നെ രേഖയാണ്. ഇക്കാലത്ത് ഇസ്ലാമിൽ ദൈവനിയുക്തനായി ഒരാൾ വന്നിട്ടുണ്ടെന്നു വിശ്വസിക്കുന്നവരാണല്ലോ അവർ. ഈ വിശ്വാസം മുഖേന വിശുദ്ധഖുർആന്റെ പരിപൂർണതയിലും വിശുദ്ധനബിയുടെ മാതൃകയുടെ സമ്പൂർണതയിലും അവർക്കുണ്ടായിരുന്ന വിശ്വാസത്തിനു ക്ഷതമല്ല, ശതമടങ്ങ് ശക്തിയാണുണ്ടായിട്ടുള്ളത്. ഖുർആനിലെ പല കൽപനകളും ദുർബലപ്പെട്ടിട്ടുണ്ടെന്ന് ഇതര മുസ്ലിംകൾ വിശ്വസിക്കവേ അഹ്മദികൾ വിശ്വസിക്കുകയും വാദിക്കുകയും ചെയ്യുന്നത് ആ വിശുദ്ധഗ്രന്ഥത്തിലെ ഏതെങ്കിലുമൊരു കൽപന പോയിട്ട് അതിലെ ഒരക്ഷരം പോലും ദുർബലപ്പെട്ടിട്ടില്ലെന്നും ദുർബലപ്പെടുകയില്ലെന്നുമാണ്.

ഖുർആന്റെ ജ്ഞാനം പൂർവന്മാരുടെ വ്യാഖ്യാനത്തോടുകൂടെ അവസാനിച്ചുപോയെന്ന് ഇതര മുസ്ലിംകൾ വിശ്വസിക്കുമ്പോൾ അഹ്മ

ദികൾ വിശ്വസിക്കുകയും വാദിക്കുകയും ചെയ്യുന്നതാകട്ടെ, ആ പരിപാവനഗ്രന്ഥത്തിന്റെ അപാരമായ ജ്ഞാനം അന്ത്യകാലമായാലും അവസാനിക്കയില്ലെന്നും അതതു കാലത്തിനനുസരിച്ചു മാർഗദർശനം അതിൽ നിന്നു ഉറഞ്ഞുറഞ്ഞു വരുമെന്നും മുമ്പുള്ളവരുടെ വ്യാഖ്യാനങ്ങളോടുകൂടി അതിന്റെ ജ്ഞാനം സമാപിച്ചുപോയെന്നു പറയുന്നത് അതിന്റെ പൂർണതയ്ക്കും മഹത്ത്വത്തിനും ക്ഷതമേൽപിക്കുകയാണെന്നുമാണ്. മതകാര്യങ്ങളിൽ വിശുദ്ധഖുർആൻ കൊണ്ടല്ല ഹദീസുകൾ കൊണ്ടാണ് തീരുമാനം വരുത്തേണ്ടതെന്നു ചിലരും, മറ്റു ചിലർ ഇമാമുകളും ആലിമുകളും പറഞ്ഞതനുസരിച്ചാണ് മതകാര്യങ്ങളിൽ തീർപ്പു കൽപിക്കേണ്ടതെന്നും ഖുർആനിൽ സ്വതന്ത്രമായി ചിന്തിക്കുവാൻ ആർക്കും പാടില്ലെന്നും പറയവേ, അഹ്മദികൾ വിശ്വസിക്കുകയും വിവാദിക്കുകയും ചെയ്യുന്നതോ, എല്ലാ പ്രമാണങ്ങളുടെയും അടിയാധാരം വിശുദ്ധഖുർആനാകയാൽ ആ മഹനീയ ഗ്രന്ഥത്തിന്റെ പാഠങ്ങൾക്കെതിരായി യാതൊരു പ്രമാണവും സ്വീകാര്യമല്ലെന്നും മനുഷ്യകുലത്തിനു മാർഗദർശനമായി അല്ലാഹു ഇറക്കിയ ആ ഗ്രന്ഥത്തിൽ ചിന്ത ചെലുത്തി അതിന്റെ അധ്യാപനങ്ങൾ ഗ്രഹിക്കുവാനുള്ള അവകാശം ഒവ്വൊരു മനുഷ്യനും ഉള്ളതാണെന്നുമാണ്. അതുപോലെ തന്നെ, തിരുനബിയെക്കുറിച്ചും ഇതരമുസ്ലിംകൾക്കുള്ള വിശ്വാസത്തിൽ നിന്നും എത്രയോ ഉപരിയായ ഒരു വിശ്വാസമാണ് അഹ്മദികൾക്കുള്ളത്. തിരുനബി(സ) അന്ത്യകാലംവരെയുള്ള എല്ലാ മനുഷ്യർക്കും പരിപൂർണമാതൃകയാണെന്നും ആ പരിശുദ്ധ മാതൃകയെ പദാനുപദം പിൻപറ്റേണ്ടത് മനുഷ്യധർമമാണെന്നും മാത്രമല്ല അഹ്മദികൾ വിശ്വസിക്കുന്നത്. 'ഖാത്തമുന്നബിയ്യീൻ' ആയ ആ മഹാപുരുഷനെ പരിപൂർണമായനുസരിച്ചവർക്ക് അല്ലാഹു നുബുവ്വത്ത് പദവി പോലും നൽകുമെന്നും അങ്ങനെ നുബുവ്വത്ത്പദം സിധിച്ചവർക്കേ ലോകോദ്ധാരണാർഥം ഇനി വരാൻ പാടുള്ളുവെന്നും ആകയാൽ അദ്ദേഹത്തിന്റെ ശിഷ്യത്വം പോലും സ്വീകരിച്ചിട്ടില്ലാത്ത മൂസവീ മസീഹ് ഇസ്ലാമിനെ ഉദ്ധരിക്കുവാൻ ഇറങ്ങിവരുമെന്നു ഇതര മുസ്ലിംകൾ പറയുന്നത് ആ മാതൃകാപുരുഷന്റെ മഹിതസ്ഥാനത്തിനു തീരെ നിരക്കാത്തതാണെന്നുമാണവർ വിശ്വസിക്കുന്നത്. ഇങ്ങനെയെല്ലാം വിശ്വസിക്കുവാനും വാദിക്കുവാനും അഹ്മദികൾക്കു പ്രചോദനം നൽകിയതു തിരുനബിയുടെ പ്രതിപുരുഷനായി ഇക്കാലത്ത് വന്ന ആ മഹാത്മാവിന്റെ അദ്ധ്യാപനങ്ങളാണ്. ചുരുക്കത്തിൽ, വിശുദ്ധഖുർആന്റെ മാർഗദർശനത്തിലേക്കും വിശുദ്ധനബിയുടെ മാതൃകയിലേക്കും ക്ഷണിക്കുവാൻ ദൈവനിയുക്തനായൊരാൾ വരുന്നത് ആ പവിത്രഗ്രന്ഥത്തിന്റെ പരിപൂർണതക്കോ

ആ പരിശുദ്ധപുരുഷന്റെ പരിപൂർണമായ മാതൃകക്കോ ഒരു പ്രകാര ത്തിലും കളങ്കം ചാർത്തുന്നതല്ല.

വിശുദ്ധഖുർആൻ പരിപൂർണ മാർഗദർശനമാണെന്നും വിശുദ്ധ നബി (സ) മനുഷ്യർക്കു പരിപൂർണ മാതൃകയാണെന്നും കാണിക്കുവാ നാണ് അല്ലാഹു ഒരാളെ നിയോഗിക്കുന്നതെങ്കിൽ ആ നിയോഗം ആ മഹിതഗ്രന്ഥത്തിന്റെയും ആ ശ്രേഷ്ഠനബിയുടെയും സമ്പൂർണതക്കു ഒരു വിധേനയും ഭംഗകരമാകാൻ തരമില്ല. നേരെ മറിച്ചു അങ്ങനെ കാണിക്കുവാൻ ആവശ്യം നേരിടുമ്പോഴെല്ലാം അത്തരമാളുകൾ നിയുക്ത രാകേണ്ടത് അവശ്യം ആവശ്യമാണ്. വിശുദ്ധഖുർആൻ ഇറങ്ങിയതും വിശുദ്ധനബി(സ) നിയുക്തനായതും മുഴുലോകത്തിനുമായിട്ടാണല്ലൊ.

എന്നാൽ ഈ വസ്തുത മുഴുലോകവും അറിയുകയോ തമ്മിൽ തമ്മി ൽ പറയുകയോ അല്ലാതെ മുസ്ലിംകൾ ലോകത്തെ അറിയിക്കുകയോ ഉണ്ടായിട്ടുണ്ടോ? വിശുദ്ധഖുർആന്റെ മാർഗദർശനവും വിശുദ്ധനബി യുടെ മാതൃകയും പരിപൂർണമായതുകൊണ്ടാണല്ലോ അവ മുഴുലോക ത്തിനും ബാധകമായിരിക്കുന്നത്. എന്നാൽ, അവ ഇന്നു മുഴുലോകത്തും എത്താതിരിക്കുന്ന അവസ്ഥ അവ രണ്ടിന്റെയും പരിപൂർണത കൊണ്ടു ദ്ദേശിക്കപ്പെട്ട കാര്യം ഇന്നും അപരിപൂർണതയിൽ നില കൊള്ളുന്നെ ന്നല്ലേ വിളിച്ചോതുന്നത്? ഈ നിലമാറ്റി യഥാർഥ നില കൈവരുത്തു വാൻ അല്ലാഹു ഒരാളെ നിയോഗിക്കുന്നുണ്ടെങ്കിൽ അത് അവയുടെ പരിപൂർണതയ്ക്കു ഭംഗമാണെന്നു പറയുന്നതിൽ എന്തർത്ഥമാണുള്ള ത്? അങ്ങനെ ഭംഗമാകുമെങ്കിൽ വിശുദ്ധഖുർആന്റെ പരിപൂർണത തന്നെ അതിന്റെ ഉദ്ദേശലബ്ധിക്കു പ്രതിബന്ധമായിരിക്കുന്നു വെന്നു പറയേണ്ടി വരും. നോക്കുക, ഇന്നു ലോകത്തിന്റെ മുഴുഭാഗം പോയിട്ട് മൂന്നിലൊന്നുപോലും മുസ്ലിംകളാണോ? ഉള്ള മുസ്ലിംകളുടെ നില കണ്ടാൽ, വിശുദ്ധഖുർആന്റെ അധ്യാപനവും വിശുദ്ധ നബിയുടെ മാതൃ കയും അനുകരണീയമാണെന്നു ലോകം സമ്മതിക്കുമോ? മുസ്ലിംകൾ എണ്ണത്തിൽ എഴുപതുകോടി ഉണ്ടെന്നു പറയപ്പെടുന്നു, എന്നിട്ടും ഖുർ ആന്റെയും നബിയുടെയും മാഹാത്മ്യത്തെ ലോകത്തിനു കാണിച്ചു കൊടുപ്പാൻ വല്ലൊരേർപ്പാടും ചെയ്യുന്നതിനു ഉമറായും ഉലമായും അവിരളമായുള്ള ഈ എഴുപതുകോടിക്കു സാധിച്ചിട്ടില്ല. ആ സ്ഥിതി ക്ക് ഖുർആന്റെ അദ്ധ്യാപനവും നബിയുടെ മാതൃകയും പരിപൂർണങ്ങ ളായതുകൊണ്ട് ഇനി ഇസ്ലാമിലാരും ദൈവനിയുക്തനാവേണ്ടതി ല്ലെന്നു പറയുന്നതു പണ്ടുള്ളവർ പറഞ്ഞതുപോലുള്ള ഒരു പറച്ചിലേ ആവുകയുള്ളു.

വിശുദ്ധഖുർആനും വിശുദ്ധനബിയുടെ മാതൃകയും നിലവിലുള്ളതു കൊണ്ട് ഇനിയാരും വേണ്ടതില്ലെന്നു പറയുന്നതു ന്യായമാകണമെങ്കിൽ ഇന്നത്തെ മുസ്‌ലിംകൾ ആദിമമുസ്‌ലിംകളെപ്പോലെ മുസ്‌ലിംകളായിരിക്കേണ്ടതാണ്. പരിപൂർണമായ ഗ്രന്ഥവും പരിപൂർണമായ മാതൃകയും ഉണ്ടായിരിക്കവെ തന്നെ മുസ്‌ലിംകൾ ഇസ്‌ലാമിൽ നിന്നകന്നകന്ന് വളരെ വളരെ ദൂരത്തെത്തി. ഇസ്‌ലാമിന്റെ പേരും ഖുർആന്റെ ലിപിയും മാത്രം ശേഷിക്കുമെന്നു പറയപ്പെട്ട ആ കാലത്തിൽ അവരെത്തിച്ചേർന്നുവെന്നു അവർ തന്നെ സമ്മതിക്കുന്നു. ഡോക്ടർ സർ മുഹമ്മദ് ഇഖ്ബാൽ തന്റെ കവിതകളിലും മൗലാനാ അബുൽ കലാം ആസാദ് തന്റെ ''തദ്കിറ'യിലും ഇസ്‌ലാമിന്റെയും ഇന്നത്തെ മുസ്‌ലിംകളുടെയും ശോച്യാവസ്ഥയെപ്പറ്റി പറഞ്ഞിട്ടുള്ളതു വായിച്ചാൽ കണ്ണുനീരൊഴുക്കാത്ത ഒരു മുസ്‌ലിമും ഉണ്ടായിരിക്കുകയില്ല. പ്രസിദ്ധ പണ്ഡിതനായ ശൈഖ് റശീദ് രിസാ തന്റെ ''അൽവഹിയുൽ മുഹമ്മദിയ്യി'ൽ, ഇസ്‌ലാമിനോടു പാശ്ചാത്യർക്കു അവജ്ഞ ജനിക്കുവാൻ കാരണം മുസ്‌ലിംകളുടെ നികൃഷ്ടമായ നിലയാണെന്നാണ് പറഞ്ഞിരിക്കുന്നത്. യൂറോപ്പിനെ ഇസ്‌ലാമിലേക്കു ക്ഷണിക്കുവാൻ നാം വിചാരിക്കുന്നുണ്ടെങ്കിൽ, ''തീർച്ചയായും ഞങ്ങൾ മുസ്‌ലിംകളല്ല'' എന്നു ആദ്യമായി അവരെ ധരിപ്പിക്കണമെന്ന് തന്റെ ഗുരുനാഥനും ലോകപ്രശസ്തനുമായ സയ്യിദ് ജമാലുദ്ദീൻ അഫ്ഘാനി പറഞ്ഞതായും അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. ഇങ്ങനെ മുസ്‌ലിംകളിലുള്ള എത്രയോ പണ്ഡിതന്മാരും മഹാൻമാരും ദു:ഖിച്ചും കരഞ്ഞും പറഞ്ഞിട്ടുണ്ട്. അവരുടെ അത്തരം പ്രസ്താവനകളിൽനിന്ന് ഓരോ ഉദാഹരണമെങ്കിലും എടുത്തുദ്ധരിക്കാമെന്നുവച്ചാൽ ലേഖനം വളരെ ദീർഘിച്ചുപോകും. വിശുദ്ധഖുർആനും തിരുനബിയുടെ മാതൃകയും ഉണ്ടായിരിക്കേ മുസ്‌ലിംകൾ ഇങ്ങനെ ഇസ്‌ലാമിൽ നിന്ന് അകന്നുപോയിരിക്കുമ്പോൾ അവരെ ഉദ്ധരിക്കുവാൻ ഒരാൾ നിയുക്തനാകേണ്ടതില്ലെന്നു പറയുന്നത് എന്തൊരാശ്ചര്യമാണ്!

അപ്പോൾ ഖുർആന്റെയും നബിയുടെയും പരിപൂർണത മുസ്‌ലിംകൾക്ക് ഈ അധ:പതനം വരാതിരിക്കുന്നതിൽനിന്ന് അവരെ തടയുവാനല്ല, അവരുടെ ഈ അധ:പതനത്തിന് പരിഹാരം കാൺമാൻ ഒരാൾ വരുന്നതിനെ തടയുവാനാണെന്നല്ലേ വരുന്നത്? അന്ധമായ ഈ വിശ്വാസം തിരുഖുർആന്റെയും തിരുനബിയുടെയും പരിപൂർണതക്കു തികച്ചും ഹാനികരമാണ്. ആകയാൽ, വിശുദ്ധഖുർആന്റെ പരിപൂർണ്ണ അദ്ധ്യാപനത്തിന്റെയും വിശുദ്ധനബിയുടെ സമ്പൂർണ്ണമായ മാതൃകയുടെയും തിരുമുമ്പിൽവച്ചു തന്നെ മുസ്‌ലിംകൾ ഇങ്ങനെ അധ:പതിച്ച

സ്ഥിതിക്ക് അവരെ ഉദ്ധരിക്കുവാൻ തീർച്ചയായും അല്ലാഹു തന്നെ ആരെയെങ്കിലും നിയോഗിച്ചയക്കേണ്ടതാണ്.

വിശുദ്ധഖുർആനും ഹദീഥും ഇവ രണ്ടും ഉപദേശിക്കുവാൻ ഉലമായും ഉള്ളതുകൊണ്ട് മുസ്‌ലിംകളുടെ ഈ അധഃപതനത്തിന് പരിഹാരം കാൺമാൻ ആരെയും അല്ലാഹു നിയോഗിക്കേണ്ടതില്ലെന്നാണല്ലോ ചിലർ പറയുന്നത്. അവരിങ്ങനെ പറയുന്നത് അജ്ഞത കൊണ്ടല്ലെങ്കിൽ അഹ്മദിയ്യത്തിനോടുള്ള വിദ്വേഷം കൊണ്ടായിരിക്കാനേ തരമുള്ളു. എന്തെന്നാൽ, ഇപ്പറയുന്നത് അപ്പടി അബദ്ധജടിലമാണെന്ന് മുസ്‌ലിം ലോകത്തിന്റെ അധഃപതിച്ച നില തന്നെ വിളിച്ചുരയ്ക്കുന്നു. ആദ്യകാലത്ത് വിശുദ്ധഖുർആന്റെ പ്രതികൾ വളരെ വിരളമായിരുന്നു. തിരുനബിയുടെ കാലത്താകട്ടെ പല പല കഷ്ണങ്ങളിലായിട്ടും പലരുടെ കയ്യിലായിട്ടും അല്ലാതെ ഒരിടത്തു സ്വരൂപിതമായ നിലയിൽ ഒരു പ്രതി ഉണ്ടായിരുന്നില്ല. ഹദ്റത്ത് അബൂബക്കർ സിദ്ദീഖിന്റെ ഖിലാഫത്ത് കാലത്ത് പലേടങ്ങളിലും പലരുടെ കൈകളിലുമായി ഉണ്ടായിരുന്ന ആ കഷ്ണങ്ങളെയെല്ലാം അദ്ദേഹം സ്വരൂപിച്ച് ഖുർആന്റെ ഒന്നാമത്തെ പ്രതി നിർമ്മിതമായി. ഹദ്റത്ത് ഉസ്മാനിബ്നു അഫ്ഫാന്റെ കാലത്ത് അത് നാലു പ്രതികളായി വർദ്ധിച്ചു. പിന്നീട് അതിന്റെ കയ്യെഴുത്ത് പ്രതികൾ ക്രമേണ വർദ്ധിച്ചുവന്നു. ഒടുവിൽ അച്ചടിയന്ത്രത്തിന്റെ ആവിർഭാവത്തോടുകൂടി ഖുർആന്റെ പ്രതികൾ സംഖ്യാതീതമായി വർദ്ധിച്ചു. ഒരു കാലത്ത് ഖുർആന്റെ പ്രതി ഒരു ദേശത്ത് ഒന്നോ രണ്ടോ ആയിരുന്നെങ്കിൽ ഇന്ന് വീടുകൾ തോറും നാലും അഞ്ചും ആയി. എന്നാൽ ഖുർആന്റെ പ്രതികൾ എത്രയോ വിരളമായിരുന്ന അക്കാലത്ത് മുസ്‌ലിംകൾക്ക് ആ പവിത്രഗ്രന്ഥവുമായുണ്ടായിരുന്ന സുദൃഢബന്ധത്തിന്റെ ഫലമായി അവർ യഥാർത്ഥ മുസ്‌ലിംകളും അല്ലാഹുവിന്റെ അളവറ്റ അനുഗ്രഹങ്ങൾക്ക് അവകാശികളുമായി. ആത്മീയതയുടെ ഉത്തുംഗശൃംഗങ്ങളിൽ എത്തിച്ചേർന്നതിനു പുറമെ അവർ പോകുംവഴിക്കെല്ലാം ഭൂദേവി ഒരു ദാസിയെന്നോണം അവരെ അനുഗമിക്കുകയും ചെയ്തു. അനന്തരകാലത്ത് ഖുർആന്റെ പ്രതികൾ പൂർവാധികം വർദ്ധിച്ചതോടൊപ്പം മുസ്‌ലിംകൾക്ക് അതുമായുള്ള ബന്ധത്തിന് അയവ് വന്നു തുടങ്ങി. അതോടെ ആത്മീയതയിൽ നിന്നും അവർ ഇറങ്ങിയിറങ്ങി വന്നു. ഒടുവിൽ ഖുർ ആന്റെ പ്രതികൾ സംഖ്യാതീതമായി വർദ്ധിച്ചതോടെ മുസ്‌ലിംകൾക്ക് അതുമായുള്ള ബന്ധം നാമാവശേഷമായി. അവ്വണ്ണംതന്നെ അവരുടെ ആത്മീയമായും ഭൗതികമായും ഉള്ള നേട്ടങ്ങളും നാമമാത്രമായി ശേഷിച്ചു.

ഹദീഥുകളുടെ നിലയും അപ്രകാരം തന്നെ തിരുനബിയുടെയും

തിരുഖലീഫമാരുടെയും കാലങ്ങളിൽ ഹദീഥുകൾ ഗ്രന്ഥരൂപത്തിലേ ഉണ്ടായിരുന്നില്ല. എന്നിരുന്നിട്ടും തിരുനബിയുടെ തിരുപദേശങ്ങളുടെ നേരെ അവർക്ക് ഉണ്ടായിരുന്ന ഭക്ത്യാദരങ്ങൾ അവാന്തരകാലങ്ങളിൽ ഒന്നു കാൺമാൻ ലോകത്തിനു ഭാഗ്യം സിധിച്ചില്ല, പ്രത്യുത, ഹദീഥു ഗ്രന്ഥങ്ങളുടെ പ്രതികൾ വർദ്ധിച്ചു വർദ്ധിച്ചു വന്നതോടൊപ്പം മുസ് ലിംകൾക്കു ആ തിരുപദേശങ്ങളുമായുള്ള ബന്ധം കുറഞ്ഞു കുറഞ്ഞു കൊണ്ടേപോയി. അവസാനം ആ ബന്ധത്തിന്റെയും നാമം മാത്രം അവശേഷിച്ചു.

ഇനി ഉലമായെപ്പറ്റി പറയുകയാണെങ്കിൽ, മുൻകാലത്തെയപേ ക്ഷിച്ച് ഇക്കാലത്ത് ആലിംകളുടെ എണ്ണം എണ്ണുവാനാകാത്തവണ്ണം വർദ്ധിച്ചു വന്നിരിക്കുന്നു. ഗ്രന്ഥങ്ങളുടെ സുലഭത, വിദ്യാലയങ്ങളുടെ ബഹുലത, യാത്രാ സൗകര്യം ഇവയാണ് ഉലമായുടെ എണ്ണത്തെ ഇന്നി ങ്ങനെ പെരുപ്പിച്ചത്. ഉലമാ ദുർല്ലഭമായിരുന്ന കാലത്ത് അവർ ഇസ്ലാ മിന്റെ പുരോഗതിക്കും മുസ്ലിംകളുടെ അന്തസ്സിനും നിദാനമായിരുന്നു. അതിനെതിരിൽ ഇന്നത്തെ ഉലമായെപ്പറ്റി എന്തു പറയാനാണ്! നക്ഷ ത്രങ്ങൾ മിന്നുന്നു, മിന്നാമിനുങ്ങുകളും മിന്നുന്നു.

ഇങ്ങനെ ഖുർആന്റെയും ഹദീസ് ഗ്രന്ഥങ്ങളുടെയും എണ്ണമറ്റ പ്രതി കളും അവയെ പ്രതിനിധാനം ചെയ്യുവാൻ സംഖ്യാതീതമായി ഉലമാക്ക ളും ഉണ്ടായിരുന്നിട്ടും മുസ്ലിംകൾ ഇങ്ങനെ ഇസ്ലാമിൽനിന്നു വില കി വിലകി ഒടുവിൽ അധ:പതനത്തിന്റെ അടിത്തറ പറ്റിയിരിക്കയാണ്. ഇങ്ങേയറ്റം പെറ്റുവളർന്ന നാട്ടിൽതന്നെ അവർ പരദേശികളായെന്നു മാത്രമല്ല, ഭൂമിയിൽ എവിടെയും അവർക്കൊരു സുഖതാവളം ഇല്ലാ തായി. ഈ നിലയിലെത്തിയിട്ടും അവരെ ഇതിൽനിന്ന് കരകയറ്റാൻ ദൈവനിയുക്തനായൊരാൾ വരേണ്ടതില്ലെന്ന് പറയുന്നതിൽപരം ആശ്ചര്യം വേറെന്ത്? വിശുദ്ധഖുർആനും ഹദീഥും ഉണ്ടായിരിക്കെ, ഉലമായും നോക്കിനിൽക്കേ, മുസ്ലിംകൾ നാൾക്കുനാൾ അധ:പതന ഗർത്തത്തിൽ ആണ്ടാണ്ടുപോവുകയാണ് ചെയ്യുന്നതെങ്കിൽ അതിനു അല്ലാഹുവിൽനിന്നുതന്നെ ഒരു പരിഹാരം ഉണ്ടാകേണ്ടതാണ്. അത വന്റെ ആ പണ്ടത്തെ നിയമമനുസരിച്ച് ഒരു ധർമോദ്ധാരകനെ നിയോ ഗിച്ചയക്കുക എന്നല്ലാതെ മറ്റൊന്നല്ല.

ദൈവപ്രോക്തമായ ഒരു മതം സജീവമായി നിലകൊണ്ടിരുന്ന കാല ത്തോളം അതിന്റെ അധ്യാപനത്തിൽനിന്നു തദനുയായികൾ അകന്നു പോകുകയും അവർക്ക് ധർമവിലോപം പറ്റുകയും ചെയ്ത പ്പോഴെല്ലാം അവരെ നേർവഴിയിലാക്കുവാൻ അല്ലാഹു അവരിൽ നിന്നു ഒരു

ധർമോദ്ധാരകനെ എഴുന്നേൽപിച്ച് ആ കൃത്യം നിർവഹിക്കുകയായിരുന്നു പതിവ് എന്നു വിശുദ്ധഖുർആനും മതചരിത്രങ്ങളും പഠിപ്പിക്കുന്നു. ലോകത്തിന്റെ പല ഭാഗത്തും അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചയച്ചിട്ടുണ്ടായിരുന്നുവെന്നു വിശുദ്ധഖുർആൻ പറയുന്നു. പ്രത്യേകിച്ചും മൂസാനബിക്ക് ശേഷം അദ്ദേഹത്തിന്റെ ജനതയിൽ നിന്നു പല പ്രവാചകന്മാരെയും അവൻ എഴുന്നേൽപിച്ചുവെന്നും ആ വിശുദ്ധഗ്രന്ഥം പ്രസ്താവിക്കുന്നു. എന്നാൽ തിരുനബിയുടെ വരവിനു ശേഷം പതിനാലു ശതകങ്ങളായിട്ടും ആ ഇതരമതങ്ങളെ സമുദ്ധരിക്കുവാൻ അല്ലാഹു ഇത:പര്യന്തം ആരെയും നിയോഗിക്കുകയുണ്ടായില്ല. തൗറാത്തിനെത്തന്നെ പുന:പ്രബോധിക്കുവാനും പ്രചരിപ്പിക്കുവാനും ആരും വരാതെയായി. ഇങ്ങനെയായതു ആ മതാനുയായികൾക്കു യാതൊരുവിധമായ ധർമ്മവിലോപവും ഭവിക്കാഞ്ഞതുകൊണ്ടല്ല. സാർവജനീനമായ ഒരു മതത്തോടുകൂടി മുഹമ്മദു മുസ്തഫ(സ) അവതരിച്ചതുകൊണ്ടു മാത്രമാണ്. സാർവജനീനമായ ഇസ്ലാമിന്റെ ആവിർഭാവത്തോടുകൂടി ഐക്യജനീനമായിരുന്ന ആ പൂർവമതമോരോന്നിന്റെയും സജീവത അതിനു സ്വതവെ നഷ്ടമാവുകയും ഓരോന്നും കാലഹരണത്തിനു വിധേയമാവുകയും ചെയ്തു. അങ്ങനെ ഒരു മതം സജീവമായി സ്ഥിതിചെയ്തിരുന്നതുവരെ അതിന്റെ സമുദ്ധാരണാർത്ഥം പ്രവാചകന്മാർ വന്നുകൊണ്ടിരിക്കുകയും അതിന്റെ കാലാവധിയെത്തി അതു ദുർബലപ്പെട്ടുപോയപ്പോൾ തദനുയായികൾക്കു എത്ര തന്നെ ധർമ്മവിലോപം ഭവിച്ചിട്ടും ആ മതം മുഖേന അവരെ ഉദ്ധരിക്കുവാൻ അവരിൽ നിന്നാരും വരാതാവുകയും ചെയ്തതിൽ നിന്ന് എന്താണ് മനസ്സിലാകുന്നത്? ആ മതം നിർജ്ജീവമായിപ്പോയെന്ന്. അങ്ങനെ ഒരു മതത്തിന്റെ അനുയായികൾക്കു ധർമവിലോപം ഭവിക്കുമ്പോൾ അവരിൽനിന്ന് ഒരാൾ ദൈവനിയുക്തനാകാറുണ്ടായിരുന്ന സമ്പ്രദായം ഇന്ന് എവിടെയും നിലവിലില്ലെങ്കിൽ ഇസ്ലാമും നിർജ്ജീവമായിപ്പോയെന്നു സമ്മതിക്കേണ്ടിവരില്ലേ? ഇല്ലെങ്കിൽ, ആധുനിക മുസ്ലിംകൾക്കു യാതൊരു വിധ ധർമവിലോപവും അധ:പതനവും വരാതെ അവർ ഇന്നും ആദിമമുസ്ലിംകളുടെ അതേ നിലയിൽ തന്നെയാണെന്നു പറയണം. ഇസ്ലാം അന്ത്യകാലംവരെ സജീവമായി നിലകൊള്ളുന്ന ഒരു മതമാണെന്നും ഇക്കാല മുസ്ലിംകൾ ഇസ്ലാമിൽ നിന്നും ആശക്കു വകയില്ലാത്തവണ്ണം അകന്നുപോയിരിക്കുന്നുവെന്നും ഉള്ളത് അനിഷേധ്യമായ ഒരു വസ്തുതയാണെങ്കിൽ മുസ്ലിംകളെ ഉദ്ധരിക്കുവാൻ അവരിൽ നിന്നൊരാളെ അല്ലാഹു നിയോഗിക്കേണ്ടത് അവശ്യം ആവശ്യമാണ്. നോക്കുക, പൂർവമതാനുയായികൾക്കു

പറ്റിയ ധർമവിലോപമെല്ലാം മുസ്ലിംകൾക്കും പറ്റുമെന്നു വിശുദ്ധഖുർആനും തിരുനബിയും പ്രഖ്യാപിച്ചു. അതുപോലെയെല്ലാം വന്നു ഭവിക്കുകയും ചെയ്തു. എന്നിട്ടും പൂർവമതാനുയായികളെ ധർമവിലോപത്തിൽ നിന്നു സമുദ്ധരിക്കുവാൻ അല്ലാഹു ചെയ്തുപോന്ന ഏർപ്പാട് മുസ്ലിംകൾക്കു ചെയ്തു കൊടുക്കയില്ലെന്നും അതിന്റെ ആവശ്യം തങ്ങൾക്കില്ലെന്നുമാണവർ പറയുന്നത്. എന്തൊരാശ്ചര്യം! ധർമവിലോപം വിചാരിച്ചതിലേറെ മുസ്ലിംകളിൽ വന്നു ഭവിച്ചു. എന്നാലതിൽ നിന്നു കര കയറുവാനുള്ള വഴി ഇസ്ലാമിന്റെ പരിപൂർണത തടഞ്ഞിരിക്കുന്നു പോലും! ഹാ, എത്ര പരിതാപകരമായ ഒരു വിശ്വാസം! ഇസ്ലാമിന്റെ പരിപൂർണതയെ അർഥരഹിതമാക്കുക മാത്രമല്ല, അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്തെ ഇടുക്കുക കൂടിയാണിവർ ചെയ്യുന്നത്. ദയനീയം!

ലോകരിൽ ധർമ്മവിലോപം ഉണ്ടാകുമ്പോഴെല്ലാം അവരെ ധർമോൽബുദ്ധരാക്കുവാൻ അല്ലാഹു ആത്മഗുരുക്കന്മാരെ അയക്കുകയെന്നത് അവന്റെ പുരാതനവും സനാതനവുമായ നിയമമാണെന്നാണ് വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നത്. നോക്കുക, അല്ലാഹു ഖുർആനിൽ പറയുകയാണ്:

وَلَقَدْ ضَلَّ قَبْلَهُمْ أَكْثَرُ الْأَوَّلِينَ ﴿٧٢﴾

وَلَقَدْ أَرْسَلْنَا فِيهِم مُّنذِرِينَ ﴿٧٣﴾

''ആദിമന്മാരിൽ അധികമാളുകളും ഇവർക്കുമുമ്പ് തീർച്ചയായും വഴിപിഴച്ചു; അവർക്കു നാം താക്കീതുനൽകുന്നവരെ അയക്കുകയും ചെയ്തു."(37:72-73). അവന്റെ ഈ നിയമം അവൻ പ്രവൃത്തിയിൽ വരുത്തുന്നതു നിലവിലുള്ള ഒരു മതം മുഖേനയോ പുതിയൊരു മതം മുഖാന്തരമോ ആയിരുന്നു. അല്ലാതെ ആ പ്രവൃത്തി നടത്തുവാനായി നിയുക്തരാകുന്ന ഓരോരുത്തരും ഓരോ പുതിയ മതത്തോടുകൂടി വന്നവരായിരുന്നില്ല. അങ്ങനെ വന്നവരിൽ ബഹുഭൂരിഭാഗവും അവരവരുടെ കാലത്ത് നിലവിലുണ്ടായിരുന്ന മതങ്ങൾ മുഖാന്തരമാണ് തങ്ങളുടെ ഉദ്ധാരണവൃത്തി നിർവഹിച്ചത്. ഇതാണ് ഖുർആൻ നമ്മെ പഠിപ്പിക്കുന്നത്. ഈ പാഠം നൽകുന്ന ഖുർആനാകട്ടെ, മുസ്ലിംകൾക്കു ഒരു കാലത്തും ധർമവിലോപം പറ്റുകയില്ലെന്നോ, ധർമവിലോപം ഭവിക്കുമ്പോൾ ഒരു ധർമോദ്ധാരകനെ അയക്കാറുള്ള തന്റെ പുരാതന നിയമത്തെ ദൈവം നിർത്തൽ ചെയ്തുവെന്നോ പ്രസ്താവിക്കുന്നില്ല. മറിച്ച്, ഭാവിയിലും ധർമ്മവിലോപം ഭവിക്കുമെന്നും ധർമോദ്ധാരണം ആവശ്യമാണെന്നും ആ പവിത്രഗ്രന്ഥം പഠിപ്പിക്കുകയാണ് ചെയ്തിരി

ക്കുന്നത്. എന്നാൽ, ഇസ്ലാമിന്റെ പരിപൂർണതയെ പ്രഖ്യാപിച്ചു കൊണ്ട്, മേലിൽ വരുന്ന ധർമോദ്ധാരകന്മാർക്ക് വേറൊരു മതം ഉണ്ടായിരിക്കുകയില്ലെന്ന് അത് മനസിലാക്കി തരുന്നു. അതുപോലെ, തിരുനബി(സ) ''ഖാത്തമുന്നബിയ്യീൻ' ആണെന്നു പ്രഖ്യാപിച്ചുകൊണ്ടു ഇനി വരുന്നവർ ആ ആത്മീയസൂര്യന്റെ പ്രതിബിംബം പ്രതിഫലിക്കുവാൻ തക്കവണ്ണം പവിത്രതയും പരിപൂർണതയും സിദ്ധിച്ച ആത്മീയ ചന്ദ്രന്മാർ ആയിരിക്കും എന്നും ആ പരിപാവനഗ്രന്ഥം മനസ്സിലാക്കി ത്തരുന്നു.

മുസ്ലിംകൾ ഭൗതികമായും ആദ്ധ്യാത്മീകമായും ഇതരമതാനുയായികളെപ്പോലെ അധ:പതിക്കുന്ന ഒരു കാലം വരുമെന്നും അവരെ അതിൽ നിന്നു സമുദ്ധരിക്കുവാൻ ''ഈസബ്നുമർയം' ഇറങ്ങുമെന്നും അദ്ദേഹം തന്റെ ഖലീഫയും മുസ്ലിംകൾക്കു ഇമാമും ഹക്കമും ആയിരിക്കുമെന്നും അദ്ദേഹത്തിന്റെ ആഗമനം തന്റെ ആഗമനത്തിനു തുല്യമാണെന്നും മറ്റും തിരുനബി(സ) താനും തിരുവരുൾ ചെയ്തുകൊണ്ട് തന്റെ ശേഷവും മുസ്ലിംകളെ ഉദ്ധരിക്കുവാൻ ഒരു ദൈവനിയുക്തന്റെ ആവശ്യകത ഉണ്ടെന്നു സ്ഥാപിച്ചിരിക്കുന്നു. തിരുനബിയുടെ ഈ ദീർഘദർശനമനുസരിച്ചു മുസ്ലിം ലോകത്തിന്റെ സമുദ്ധരണാർത്ഥം ''ഈസാനബി' വരുമെന്നു മുസ്ലിം ലോകം പ്രതീക്ഷിക്കുകയും ചെയ്യുന്നു. ഇന്നത്തെയത്ര ധർമവിലോപവും അധ:പതനവും ഇല്ലാതിരുന്ന ഒരു കാലത്ത്, ''ഹാ! ഈസബ്നുമർയം വന്നുവെങ്കിലോ' എന്ന് കൊതിച്ചുകൊണ്ടിരുന്ന ഇവർ ഇന്നു അന്നത്തേതിൽ പതിന്മടങ്ങ് അധ:പതിച്ചപ്പോൾ പറയുകയാണ്, തങ്ങൾക്ക് ദൈവനിയുക്തനായൊരാളുടെ ആവശ്യമേ ഇല്ലെന്നു! രോഗിയായ ഒരുത്തൻ തനിക്കു ചികിത്സയേ വേണ്ടെന്നു പറയുമ്പോൾ അയാളെപ്പറ്റി പരിതപിക്കാതിരിപ്പാൻ നിർവാഹമുണ്ടോ? മുസ്ലിംകളുടെ അധ:പതനത്തെപ്പറ്റി തിരുനബി(സ) പ്രവചിച്ചതു പ്രത്യക്ഷരം പൂർത്തിയായെന്നു സമ്മതിക്കുന്ന മുസ്ലിംകളാണ് ആ അധ:പതനത്തിൽനിന്നു കരകയറുവാൻ ആ പുണ്യാത്മാവ് കാണിച്ചു തന്ന നിവൃത്തിമാർഗ്ഗം വേണ്ടതില്ലെന്നു പറയുന്നത്, ''ഈസബ്നുമർയം' എന്ന പേർ ഉപമാരൂപത്തിൽ പറഞ്ഞതാവാം. അങ്ങനെ അതൊരു ഉപമാനാമമാണെന്നതു ഖുർആനും ഹദീഥും മുഖേന മനസ്സിലാകുന്നതുമാണ്. പൂർവപ്രവാചകന്മാരെപറ്റി അത്തരം അലങ്കാര പ്രയോഗങ്ങൾ വന്നിട്ടുണ്ട്. എന്നാലതൊരു ആൾ തന്നെയല്ലെന്നോ അതൊരു ചൈതന്യമോ മറ്റോ ആണെന്നോ അതിനെകൊണ്ട് നമുക്ക് യാതൊരാവശ്യവുമില്ലെന്നോ മറ്റോ പറയുന്നത് ലോകഗുരുവായ തിരുനബിയെപ്പറ്റി പൂർവ്വപ്രവാചകന്മാർ പ്രവചിച്ചിട്ടുള്ളതിന് അവരുടെ

അനുയായികൾ കൊടുക്കുന്ന അർഥവിവക്ഷകൾക്കു തുല്യവും ഒരാൾ ഇറങ്ങുമെന്നു ദൈവനാമത്തിൽ സത്യം ചെയ്തു കൊണ്ടു പ്രവാചക ശ്രേഷ്ഠൻ മുഹമ്മദു മുസ്തഫാ(സ) തിരുമേനി പ്രവചിച്ചതിനെ നിരർഥകമാക്കുകയുമാണ്. ചുരുക്കത്തിൽ, വിശുദ്ധഖുർആന്റെ മാർഗദർശനം പരിപൂർണവും വിശുദ്ധനബിയുടെ മാതൃക സമ്പൂർണവും ആയതു കൊണ്ട് തിരുമേനിക്കു ശേഷം ദൈവനിയുക്തനായി ഒരാളും വരേണ്ടതല്ലെന്നും വരികയില്ലെന്നും പറയുന്നത് വെറും ഒരു "പയക്കം" മാത്രമേ ആകൂ. എന്തെന്നാൽ അത്തരമൊരാൾ വരുമെന്നും വരേണ്ടതുമാണെന്നുമാണ് അല്ലാഹുവും അവന്റെ തിരുറസൂലും പഠിപ്പിച്ചിരിക്കുന്നത്.

# NAMUKKINI AARUM VENDE?

(Dont We Need Any one Any more?)

This treatise was written by
late Moulana Abdullah Sahib H.A and
published in Sathyadoothan.
It was lateron issued as a palmphlet.